# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.07.2026**

### പ്രധാനവാർത്തകൾ

1. ഇന്തോനേഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ബിന്താങ് ആദിപൂർണ' പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു; പ്രതിനിധിതല ചർച്ചയിൽ തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്താൻ ധാരണ.
2. ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗം കൊച്ചിയിൽ തുടരുന്നു; നാളത്തെ മന്ത്രിതല യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന മന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും.
3. സംസ്ഥാനത്ത് മഴ തുടരുന്നു; വയനാട് കള്ളാടിയിൽ മീനാക്ഷി പാലത്തിന് സമീപം മണ്ണിടിച്ചിൽ; ഒട്ടേറെ പേർ കുടുങ്ങിക്കിടക്കുന്നതായി സംശയം.
4. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായി മുൻ ജില്ലാ ജഡ്ജി എൻ. ശേഷാദ്രിനാഥൻ ചുമതലയേറ്റു.
5. ജീവനക്കാരെ പിരിച്ചുവിട്ട കോറോ ഹെൽത്ത് കമ്പനി അധികൃതരുമായി ജൂലായ് 10-ന് തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ നേരിട്ട് ചർച്ച നടത്തും.
6. ലോകകപ്പ് പ്രീക്വാർട്ടറിൽ ഇന്ന് അർജന്റീന -ഈജിപ്റ്റ് പോരാട്ടം; പോർച്ചുഗലും യു എസ് എ യും ക്വാർട്ടർ കാണാതെ പുറത്ത്.

RNU TVPM

## പ്രധാനമന്ത്രി-ഇന്തോനേഷ്യ

പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇന്തോനേഷ്യൻ പ്രസിഡന്റ് പ്രബോവോ സുബിയാന്റോയും ഇന്തോനേഷ്യൻ തലസ്ഥാനമായ ജക്കാർത്തയിൽ പ്രതിനിധിതല ചർച്ചകൾക്ക് നേതൃത്വം നൽകി. ഉഭയകക്ഷി ബന്ധത്തിന്റെ വിവിധ വശങ്ങൾ ഇരുവരും അവലോകനം ചെയ്ത തന്ത്രപരമായ പങ്കാളിത്തം ശക്തിപ്പെടുത്താൻ ചർച്ചയിൽ ധാരണയായി. ഉഭയകക്ഷി താൽപ്പര്യമുള്ള മേഖലകളിൽ സഹകരണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഒട്ടേറെ ധാരണാപത്രങ്ങളും ഒപ്പുവച്ചു. ചർച്ചകൾക്ക് ശേഷം ഇരുവരും സംയുക്ത വാർത്താസമ്മേളനത്തെ അഭിസംബോധന ചെയ്തു. ഇന്തോനേഷ്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ 'ബിന്താങ് ആദിപൂർണ' പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് സമ്മാനിച്ചു.

## ആത്മനിർഭർ പഞ്ചായത്ത്

'ആത്മനിർഭർ പഞ്ചായത്ത്' പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണ ശിൽപശാല കൊച്ചിയിൽ ആരംഭിച്ചു. കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ കേരള തദ്ദേശ സ്വയംഭരണ വകുപ്പുമായി സഹകരിച്ച് ഹൈബ്രിഡ് രീതിയിലാണ് ശിൽപശാല സംഘടിപ്പിക്കുന്നത്. പഞ്ചായത്തുകളുടെ സാമ്പത്തിക സ്വയംപര്യാപ്തത ലക്ഷ്യമിടുന്ന പദ്ധതി ഉപയോഗശൂന്യമായ ആസ്തികളും പ്രാദേശിക സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിന് മുൻഗണന നൽകും.

## ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗം

ബ്രിക്സ് വനിതാ പ്രവർത്തക സമിതി യോഗം കൊച്ചിയിൽ പുരോഗമിക്കുന്നു. ഈ വർഷം ഇന്ത്യ ബ്രിക്സ് അധ്യക്ഷ പദവി വഹിക്കുന്നതിന്റെ ഭാഗമായാണ് യോഗം സംഘടിപ്പിച്ചിരിക്കുന്നത്. സ്ത്രീകളുടെ സാമ്പത്തിക - ഡിജിറ്റൽ പങ്കാളിത്തം ഉറപ്പാക്കുക, വനിതാ സംരംഭകത്വവും നൈപുണ്യ വികസനവും പ്രോത്സാഹിപ്പിക്കുക, ഭക്ഷ്യസുരക്ഷ,പോഷകാഹാരം

RNUTVPM

എന്നിവയിൽ സ്ത്രീകളുടെ പങ്ക് ശക്തിപ്പെടുത്തുക എന്നീ നാല് മേഖലകൾ കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. നാളെ ആരംഭിക്കുന്ന മന്ത്രിതല യോഗത്തിൽ കേന്ദ്ര വനിതാ ശിശുവികസന വകുപ്പ് മന്ത്രി അന്നപൂർണാ ദേവി പങ്കെടുക്കും.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

വയനാട് മണ്ണിടിച്ചിൽ (ഇൻട്രോ)

വയനാട് മേപ്പാടിയിൽ തുരങ്കപാതക്ക് സമീപം വൻ മണ്ണിടിച്ചിൽ. കള്ളാടി മീനാക്ഷി പാലത്തിന് സമീപമാണ് അല്പം മുമ്പ് മണ്ണിടിച്ചിലുണ്ടായത്. മണ്ണിനടിയിൽ കുടുങ്ങിയ അഞ്ച് പേരെ രക്ഷപ്പെടുത്തി. കൂടുതൽ ആളുകൾ കുടുങ്ങിക്കിടക്കുന്നുണ്ടോ എന്ന് ഇപ്പോൾ പരിശോധിക്കുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.**

**(വോയ്സ്)**

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

വയനാട് - വി ഡി സതീശൻ

വയനാട് മണ്ണിടിച്ചിലിന്റെ പശ്ചാത്തലത്തിൽ ജില്ലയിൽ നിന്നുള്ള മന്ത്രി ടി. സിദ്ദിഖുമായി മുഖ്യമന്ത്രി വി.ഡി സതീശൻ അടിയന്തര കൂടിക്കാഴ്ച നടത്തി. രക്ഷാ പ്രവർത്തനം ഏകോപിപ്പിക്കാൻ അദ്ദേഹം നിർദ്ദേശം നൽകി. റവന്യു മന്ത്രി എ.പി അനിൽകുമാറിനോടും കൃഷി മന്ത്രി ടി.സിദ്ദിഖിനോടും വയനാട്ടിലേക്ക് തിരിക്കാൻ നിർദ്ദേശിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

മഴ

കേരളത്തിൽ ഇന്ന് വിവിധ ജില്ലകളിൽ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. ആലപ്പുഴ, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരളം - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും നാളെയും കർണാടക തീരത്ത് വെള്ളിയാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

## കണ്ണൂർ സെസൻസസ് (ഇൻട്രോ)

കണ്ണൂർ ജില്ലയിൽ സെൻസസ് പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. ആകെ 4100 എന്യൂമറേറ്റർമാരെയാണ് സെൻസസിനായി ജില്ലയിൽ നിയോഗിച്ചിട്ടുള്ളത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

**(VOICE)**

## കൊറോഹെൽത്ത്

ജീവനക്കാരെ കൂട്ടമായി പിരിച്ചുവിട്ട കോറോ ഹെൽത്ത് കമ്പനിയുടെ ഓഫീസ് ഇന്നും തുറന്നില്ല. എന്നാൽ ഹാജർ രേഖപ്പെടുത്തുന്നുവെന്ന് ലേബർ കമ്മീഷണർ അറിയിച്ചു. വെള്ളിയാഴ്ച വരെ ഈ രീതി തുടരും. പ്രശ്നപരിഹാരത്തിനായി ജൂലൈ 10 ന് കൊറോഹെൽത്ത് പ്രതിനിധികളുമായി തൊഴിൽ മന്ത്രി ബിന്ദു കൃഷ്ണ നേരിട്ട് ചർച്ച നടത്തും. ഇന്നലെ ലേബർ കമ്മീഷണർ സഫ്ന നസറുദ്ദീൻ്റെയും ഉമ തോമസ് എംഎൽഎയുടെയും നേതൃത്വത്തിൽ നടന്ന ചർച്ചയിൽ ഇന്ന് മുതൽ തുറന്ന് പ്രവർത്തിക്കാൻ തീരുമാനിച്ചിരുന്നു.

RIJU TVPM

## തെരഞ്ഞെടുപ്പ് കമ്മീഷണർ

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായി മുൻ ജില്ലാ ജഡ്ജി എൻ. ശേഷാദ്രിനാഥൻ ചുമതലയേറ്റു. എറണാകുളം സ്വദേശിയായ എൻ. ശേഷാദ്രിനാഥന് നിയമരംഗത്തും ജുഡീഷ്യറിയിലും നീണ്ട കാലത്തെ പരിചയസമ്പത്തുണ്ട്. എ.ഷാജഹാൻ വിരമിച്ച ഒഴിവിലാണ് നിയമനം.

## റബർ ബോർഡ് അംഗങ്ങൾ

എംപിമാരായ ആന്റോ ആൻറണി, ക്യാപ്റ്റൻ ബ്രിജേഷ് ചൗത്ത, രാജിബ് ഭട്ടാചാര്യ എന്നിവരെ റബർ ബോർഡ് അംഗങ്ങളായി

നിയമിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. ക്യാപ്ടൻ ബ്രിജേഷ് ചൗത്ത, കർണാടകയിൽ ലോക്സഭാംഗവും രാജീബ് ഭട്ടാചാര്യ ത്രിപുരയിൽ രാജ്യസഭാംഗവുമാണ്.

## റബ്ബർ വില സർവകാല റെക്കോർഡിൽ

സംസ്ഥാനത്തെ റബ്ബർ കർഷകർക്കും തോട്ടം മേഖലയ്ക്കും വൻ ആശ്വാസം പകർന്ന് വിപണിയിൽ റബ്ബർ വില സർവകാല റെക്കോർഡിലേക്ക്. റബ്ബറിന്റെ വില കിലോയ്ക്ക് 271 രൂപയിലെത്തി.

## പാലക്കാട് (ഇൻട്രോ)

പാലക്കാട് നഗരത്തിലെ പ്രധാന ജങ്ഷനുകളിലെ ഗതാഗതം സുഗമമാക്കാനുള്ള സംയുക്ത പരിശോധന നാളെ നടക്കും. നഗരസഭയുടെ 'സിഗ്നൽ ഫ്രീ സിറ്റി' പദ്ധതിയുടെ ഭാഗമായാണ് പരിശോധന.

**വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്...**

**(വോയ്സ്)**

## വിജിലൻസ് മാനുവൽ പ്രകാശനം

പരിഷ്കരിച്ച വിജിലൻസ് മാന്വലിൻറെ പ്രകാശനം ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല നാളെ തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിൽ നിർവ്വഹിക്കും. അഴിമതിക്കെതിരെ ആരംഭിച്ച പ്രോജക്ട് സീറോ പദ്ധതിയുടെ ഭാഗമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. കേരള ലോകായുക്ത ജസ്റ്റിസ് എൻ. അനിൽ കുമാർ, ഗതാഗത മന്ത്രി സി.പി ജോൺ എന്നിവർ പങ്കെടുക്കും.

## ഫിഫ ലോകകപ്പ് (ഇൻട്രോ)

ഫിഫ ലോകകപ്പ് പ്രീ-ക്വാർട്ടറിൽ ഇന്ന് അർജന്റീന് ഈജിപ്റ്റ് പോരാട്ടം. ഇന്ത്യൻ സമയം രാത്രി 9.30ന് യുഎസിലെ അറ്റ്ലാന്റയിലാണ് മത്സരം. രാവിലെ നടന്ന പ്രീക്വാർട്ടറിൽ യുഎസിനെ പരാജയപ്പെടുത്തി ബെൽജിയം

RNU TVPM

ക്വാർട്ടർ ഫൈനലിൽ കടന്നു. ഒന്നിനെതിരെ നാല് ഗോളുകൾക്കാണ് ബെൽജിയത്തിന്റെ ജയം.

**ആകാശവാണി പ്രതിനിധി സുരേഷ് ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

**(ഹോൾഡ്)**

ഇന്ന് പുലർച്ചെ നടന്ന പ്രീ-ക്വാർട്ടർ പോരാട്ടത്തിൽ പോർച്ചുഗലിനെ തകർത്ത് സ്പെയിനും ക്വാർട്ടറിൽ ഇടം പിടിച്ചു. ഏകപക്ഷീയമായ ഒരു ഗോളിനാണ് സ്പെയിനിന്റെ ജയം. മത്സരത്തിൻറെ 91-ാം മിനിറ്റിൽ മിക്കൽ മെറിനോയാണ് സ്പെയിനിനായി വിജയഗോൾ നേടിയത്. ഇതോടെ ക്രിസ്റ്റ്യാനോ റൊണാൾഡോയുടെ ലോകകപ്പ് മോഹങ്ങൾക്ക് വിരാമമിട്ട് പോർച്ചുഗൽ ലോകകപ്പിൽ നിന്ന് പുറത്തായി.

## ഓപ്പറേഷൻ തൂഫാൻ

ലഹരിക്കെതിരായ ജനകീയ ദൗത്യമായ ഓപ്പറേഷൻ തൂഫാന് പിന്തുണ പ്രഖ്യാപിച്ച് ഇന്ന് കൊല്ലത്ത് സംഘടിപ്പിക്കുന്ന 'ജ്വാല 2026' പരിപാടിയിൽ രണ്ടായിരത്തോളം വനിതകൾ പങ്കെടുക്കും. ആഭ്യന്തര മന്ത്രി രമേശ് ചെന്നിത്തല ഉദ്ഘാടനം ചെയ്യും.

RNU TVPM

## ഓപ്പൺ യൂണിവേഴ്സിറ്റി

കൊല്ലം ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഈ അധ്യയനവർഷത്തെ പ്രവേശനം ആരംഭിച്ചു. ഓഗസ്റ്റ് 04 ആണ് അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി. വിശദവിവരങ്ങൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. സെൻസെക്സ് 302 പോയിന്റ് ഉയർന്ന് 78,585 ലും നിഫ്റ്റി 84 പോയിന്റ് നേട്ടത്തിൽ 24,518 ലും വ്യാപാരം തുടരുന്നു. സ്വർണ്ണ വില കുറഞ്ഞു. പവന് 1,000 രൂപ

താഴ്ന്ന് ഒരു ലക്ഷത്തി 6,520 രൂപയും ഗ്രാമിന് 13,315 രൂപയുമാണ് ഇന്നത്തെ വില

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸☸☸

☸☸☸☸☸

RNU TVPM